**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 307** **13.10.2011 ൽ മറുപടിക്ക്**

**മൂല്യവർദ്ധിത നികുതി നിയമത്തിൽ സാധനങ്ങൾക്ക് നികുതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി :**<br>**ശ്രീ. വി.ഡി. സതീശൻ :**<br>**ശ്രീ. വർക്കല കഹാർ :**<br>**ശ്രീ. റ്റി.എൻ പ്രതാപൻ :** | **ശ്രീ. കെ.എം.മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)** |
| (എ) കേരളത്തിലെ മൂല്യ വർദ്ധിത നികുതി നിയമത്തിൽ സാധനങ്ങൾക്ക് നികുതി ചുമത്തുന്നതിന്റെ അടിസ്ഥാനമെന്താണ് ; | (എ) കേരളത്തിൽ 1.4.2005 മുതൽ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വന്നു. ടി നിയമത്തിൻ കീഴിൽ പത്തു ലക്ഷം രൂപയ്ക്കുമേൽ വിറ്റുവരവുള്ള ഒരു വ്യാപാരി താൻ വിൽക്കുന്ന നികുതിവിധേയമായ സാധനങ്ങളുടെ മേൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. ഇറക്കുമതിക്കാർ, കാഷ്വൽ ട്രേഡർ, നോൺ-റസിഡന്റ് വ്യാപാരിയുടെ ഏജന്റ്, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങളുടെ വ്യാപാരി, കരാറുകാരൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്നിവർക്കുമേൽ ടേണോവർ പരിധി ബാധകമല്ല.<br>മൂല്യവർദ്ധിത നികുതി ബഹുതല നികുതി സമ്പ്രദായമാണ്. ആദ്യഘട്ട |

.......2

വില്പനയ്ക്കുശേഷം പിന്നീട് വരുന്ന ഓരോ ഘട്ടത്തിലും മൂല്യ വർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തുന്നത്. ഉപഭോക്താവിന് അന്തിമമായി വില്പന നടത്തുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും മൂല്യ വർദ്ധനവിന് സർക്കാരിന് നികുതി ലഭിക്കും. വ്യാപാരിക്ക് താൻ വാങ്ങുന്ന സമയത്ത് നൽകിയ നികുതി വില്പനയിൽ പിരിക്കുന്ന നികുതിയിൽ നിന്നും തട്ടിക്കിഴിക്കാനുള്ള വ്യവസ്ഥയുണ്ട്. വാറ്റ് നിയമപ്രകാരം സാധനങ്ങളെ തരം തിരിച്ച് 0.5, 1, 4, 12.5, 20 ശതമാനം എന്നീ നിരക്കിൽ നികുതി ഈടാക്കുന്നു.

(ബി) സെയിൽസ് ടേൺ ഓവർ അടിസ്ഥാനമാക്കാതെ ഏതെങ്കിലും സാധനങ്ങൾക്ക് നികുതി ചുമത്താറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇറക്കുമതിക്കാർ, കാഷ്വൽ ട്രേഡർ, നോൺ-റസിഡന്റ് വ്യാപാരിയുടെ ഏജന്റ്, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങളുടെ വ്യാപാരി, കരാറുകാരൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്നീ വിഭാഗക്കാർ അവർ കൈകാര്യം ചെയ്യുന്ന സാധനങ്ങൾക്ക് ടേണോവർ അടിസ്ഥാനമാക്കാതെ നികുതി ചുമത്താൻ നിയമം അനുശാസിക്കുന്നു.

ഇതിനുപുറമേ ചില ഉല്പന്ന

.........3

ങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് വകുപ്പ് 6 പ്രകാരം സാധാരണ രീതിയിൽ നികുതിയടയ്ക്കുന്നതിന് പകരമായി കോമ്പൗണ്ടിങ്ങ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്നതിനും ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 8 പ്രകാരം കോമ്പൗണ്ടിങ്ങ് പദ്ധതി തെരഞ്ഞെടുക്കാവുന്ന പ്രത്യേക വിഭാഗങ്ങൾ താഴെ പറയുന്നവരാണ്.

കരാർ പണിക്കാർ

മെറ്റൽ ക്രഷർ വ്യാപാരികൾ

പാകം ചെയ്ത ഭക്ഷണം വില്ക്കുന്ന വ്യാപാരികൾ

കാസറ്റ്, സി.ഡി. വാടകയ്ക്ക് കൊടുക്കുന്നവർ

മരുന്നുവ്യാപാരികൾ

സ്വർണ്ണവ്യാപാരികൾ

സംസ്ഥാനത്തിന് പുറത്തു നിന്നുള്ള കോഴിയിന്മേൽ

വ്യാപാരം നടത്തുന്നവർ.

(സി) സെയിൽസ് ടേണോവറി(സി)ന്റെ അടിസ്ഥാനത്തിലല്ലാതെ പ്ലാന്റിൽ സ്ഥാപിച്ചിരിക്കുന്ന മെഷീനറിയുടെ ഉൽപാദന ക്ഷമതയനുസരിച്ച് ഫീസടച്ച് നികുതി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

സെയിൽസ് ടേണോവറിന്റെ അടിസ്ഥാനത്തിലല്ലാതെ പ്ലാന്റിൽ ഇൻസ്റ്റോൾ ചെയ്തിരിക്കുന്ന മെഷിനറിയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്നത് മെറ്റൽ ക്രഷർ മേഖലയിലാണ്. വകുപ്പ് 8 (ബി) പ്രകാരം വിവിധ അളവുകളി

..........4

ലുള്ള ക്രഷറുകൾക്ക് നിശ്ചിത സംഖ്യ കോമ്പൗണ്ടിങ്ങ് നികുതി ആയി ഓരോ വർഷവും അടയ്ക്കേണ്ടതുണ്ട്. ഇപ്രകാരം കോമ്പൗണ്ട് ചെയ്ത വ്യക്തി പ്രസ്തുത തുക സർക്കാർ ഖജനാവിലേക്ക് ഒടുക്കുന്ന പക്ഷം ടി വ്യാപാരിയുടെ കണക്കുകൾ സാധാരണയായി നോക്കുകയോ വ്യാപാര സ്ഥലം പരിശോധിക്കുകയോ ചെയ്യാറില്ല. അതുകൊണ്ടു തന്നെ കോമ്പൗണ്ടഡ് സമ്പ്രദായം സ്വീകരിച്ച വ്യാപാരിയെ സംബന്ധിച്ചിടത്തോളം അയാൾ നികുതി വെട്ടിപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല.

(ഡി) ഇത്തരം ഉൽപന്നങ്ങൾക്ക് വിൽപന നികുതി നിരക്ക് നിജപ്പെടുത്തിയിട്ടും പ്രസ്തുത സാധനങ്ങൾക്ക് ഉൽപാദന ക്ഷമതയുടെ അടിസ്ഥാനത്തിൽ ഫീസ് സ്വീകരിക്കുകയും ഉപഭോക്താക്കളിൽ നിന്നും നിഷ്ക്കർഷിച്ച നികുതി ഈടാക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സെയിൽസ് ടേണോവറിന്റെ അടിസ്ഥാനത്തിലല്ലാതെ പ്ലാന്റിൽ ഇൻസ്റ്റോൾ ചെയ്തിരിക്കുന്ന മെഷിനറിയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്നത് മെറ്റൽ ക്രഷറുകളുടെ കാര്യത്തിലാണ്. ഇത്തരം വ്യാപാരികൾക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കാൻ അനുവാദം നൽകിയിട്ടില്ല. എന്നാൽ ഏതെങ്കിലും വ്യാപാരികൾ കോമ്പൗണ്ടഡ് വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ

.........5

അവർ കോമ്പൗണ്ടിങ്ങ് സ്കീമിൽ നിന്നും പുറത്തു പോകുന്നതും വകുപ്പ് 6(1) പ്രകാരമുളള നികുതി നിർണ്ണയത്തിനു വിധേയമാകുന്നതുമാണ്.

| | | |
|---|---|---|
| (ഇ) | ഇപ്രകാരം പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുക സർക്കാർ ഖജനാവിലേയ്ക്ക് മുതൽ കൂട്ടുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പോരായ്മകൾ കണ്ടെത്തി അടിയന്തിര പരിഹാര നടപടി സ്വീകരിക്കുമോ ? | (ഇ) കോമ്പൗണ്ടിംഗ് വ്യവസ്ഥയ്ക്ക് വിരുദ്ധമായി പൊതുജനങ്ങളിൽ നിന്നും നികുതി ഈടാക്കിയാൽ അത് സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടുന്നുണ്ട്. ഇതിനുപുറമേ നിയമവിരുദ്ധമായി നികുതി പിരിച്ചതിന് പെനാൽറ്റി നടപടികളും സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ